## (8) വാർഷിക പ്രവർത്തന റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം

2016 ജൂലൈ 19-ാം തീയതി ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണനയ്ക്ക് മുമ്പ് ഓരോ വർഷവും ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങുന്ന വാർഷിക റിപ്പോർട്ട് അതാത് സാമ്പത്തിക വർഷം പൂർത്തിയായി നാല് മാസങ്ങൾക്കകം സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നാണ് നിയമസഭാ നടപടിചട്ടം അനുശാസിക്കുന്നതെന്നും എന്നാൽ വർഷങ്ങൾക്കുശേഷം റിപ്പോർട്ട് സമർപ്പിക്കുമ്പോൾ അവ പഠിച്ച് തീരുമാനമെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നതിനാൽ വാർഷിക റിപ്പോർട്ട് കൃത്യമായി സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നു സംബന്ധിച്ച് റൂളിംഗ് നൽകണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

വാർഷിക പ്രവർത്തന റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസമുണ്ടാകുന്നുവെന്നത് ശരിയാണെന്നും ഭാവിയിൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടുന്നതാണെന്നും ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

---

* XIV KLA/I Session Vol.162 Report No. 15 dated 19-07-2016

"നിയമസഭ ചർച്ച ചെയ്ത് പാസ്സാക്കിയ ധനാഭ്യർത്ഥനകളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ ഓരോ വർഷവും ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങുന്ന വാർഷിക പ്രവർത്തന റിപ്പോർട്ട് നിയമസഭാ നടപടിചട്ടം 236 (6) പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ മിക്ക വകുപ്പുകളും അമാന്തം കാണിക്കുന്നു എന്നതാണ് ക്രമപ്രശ്നത്തിന് ആധാരം. നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമായ വിവരം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ ഈ ഉപചട്ടം നിലവിൽ വന്ന 2010-11 വർഷം മുതലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ഇനിയും സമർപ്പിക്കാത്ത വകുപ്പുകൾ അവശേഷിക്കുന്നുണ്ടെന്നുള്ള വസ്തുതയാണ് കാണാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ വിശദീകരണം മുഖവിലയ്ക്കെടുക്കുന്നു. നാളിതുവരെ പെന്റിംഗുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുവാൻ സമയബന്ധിതമായ നടപടികൾ അതാതു വകുപ്പുകൾ സ്വീകരിക്കുമെന്ന് കരുതുന്നു. ഇക്കാര്യത്തിൽ ആവശ്യമായ മേൽനോട്ടം പാർലമെന്ററികാര്യ വകുപ്പ് കൈക്കൊള്ളേണ്ടതാണ്."